DESPATCHED On 08/06/2020

25/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**A.P.2776 (1)/2018/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13219/SIC-G4/2018**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷഹീർ ചിങ്ങത്ത്
തിരൂർക്കാട്, മലപ്പുറം - 679321 } അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ രജിസ്ട്രാർ ജനറൽ
ജില്ലാ രജിസ്ട്രാർ ജനറലിന്റെ കാര്യാലയം
മലപ്പുറം

അപ്പീൽ അധികാരി &
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഉത്തരമേഖല രജിസ്ട്രേഷൻ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
തൃശൂർ - 680020 } എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. കെ. ശ്രീനിവാസൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മറച്ചുവെയ്ക്കുകയോ നിഷേധിക്കുകയോ ചെയ്തിട്ടില്ലെന്നും 27 സബ് രജിസ്ട്രാർ ഓഫീസുകളുടെ അഡ്മിനിസ്ട്രേഷനും ദിനംതോറും നൂറുകണക്കിന് സൊസൈറ്റികളുടെ ലിസ്റ്റ് ഫയലിംഗും രജിസ്ട്രേഷനും ഉൾപ്പെടെ വളരെയധികം ജോലിത്തിരക്കുള്ള ഓഫീസാണ് ടിയാന്റേതെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 5,6,8,9 എന്നീ ഇനങ്ങളിലാണ് വിവരാവകാശ നിയമത്തിലെ സെക്ഷൻ 25 പ്രകാരമുള്ള റിപ്പോർട്ട് നൽകാൻ സാധിക്കാതിരുന്നതെന്നും ടി ചോദ്യങ്ങളിലുണ്ടായ ആശയക്കുഴപ്പം മൂലമാണ് ടി ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകാൻ സാധിക്കാതിരുന്നതെന്നും ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിലാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത് വിവരാവകാശ നിയമത്തിലെ 25-ാം വകുപ്പു പ്രകാരമുള്ള വിവരങ്ങളാണെന്നു വ്യക്തമാക്കിയത് എന്നും ടി അപ്പീൽ ഉത്തരവു പ്രകാരം എതിർകക്ഷി

ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരനു അയച്ചുനൽകിയിരുന്നു എന്നും കമ്മീഷൻ ഉത്തരവ് പ്രകാരം പൂർണ്ണ വിവരങ്ങൾ ശേഖരിച്ചു വരികയാണെന്നും ബോധപൂർവ്വമായി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിക്കണമെന്ന യാതൊരു ഉദ്ദേശ്യവും ഇല്ലായിരുന്നു എന്നും മറ്റു മാണ്.

2. ടി വിശദീകരണം പരിശോധിച്ചതിൽ ആയത് പൂർണ്ണമായും തൃപ്തികരമായി കാണുന്നില്ല. എന്നാൽ ഹർജിക്കാരൻ ടി ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിക്കണമെന്നുള്ള യാതൊരു ഉദ്ദേശ്യവും ഇല്ലായിരുന്നു എന്നു കാണുന്നു. ആയതിനാൽ ടിയാനെതിരായ നടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഈ ഉത്തരവ് ഇന്നേ ദിവസം **2020 മെയ് മാസം 25-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

sh